1/01/2022

29/12/21

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**

**ഫോൺ: 0471 2561603, ഫാക്സ്: 0471 2330920**
**E-mail: sic.ker@nic.in**

**ഹർജി നമ്പർ CP.No.339(4)/2021/SIC**

**തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.6570/SIC-Gen 2/2021**

**സന്നിഹിതൻ**

ശ്രീ.കെ.വി. സുധാകരൻ, സംസ്ഥാന **വിവരാവകാശ കമ്മീഷണർ**

**(തീയതി 29.12.2021)**

| | |
|---|---|
| Sri. Sandeep Krishnan U.K,<br>Padmavilasom,<br>T.C.23/1395,<br>Melaranoor, GNRA-32,<br>Karamana P.O,<br>Thiruvananthapuram- 695 002. | പരാതി ഹർജിക്കാരൻ |
| State Public Information Officer,<br>O/o the Directorate of Urban Affairs,<br>Thiruvananthapuram. | എതിർകക്ഷി |

## ഉത്തരവ്

പരാതി ഹർജിക്കാരൻ 10.04.2021 ൽ എതിർകക്ഷിക്ക് സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് സമയ ബന്ധിതമായി മറുപടി ലഭിച്ചില്ല എന്നതാണ് പരാതി. ടിയാൻ 2020 നവംബർ 11 ന് നൽകിയ പരാതിയിൽ സ്വീകരിച്ച നടപടികളെന്തെന്ന് ചോദിച്ചായിരുന്നു വിവരാവകാശ അപേക്ഷ നൽകിയത്. 07.05.2021 തീയതി വച്ച മറുപടി 31.05.2021 ലാണ്

തപാൽ മാർഗം അയച്ചതെന്നും. നേരത്തെ കമ്മീഷൻ ആവശ്യപ്പെട്ട റിപ്പോർട്ടിന്റെ പകർപ്പ് തനിക്ക് ലഭിച്ചില്ലായെന്നും പരാതിക്കാരൻ കമ്മീഷന് നൽകിയ പരാതിയിൽ പറയുന്നുണ്ട്.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ 23.12.2021 ൽ ഓഡിയോ ഹിയറിംഗ് നടത്തി. ഇരുകക്ഷികളും ഹിയറിംഗിൽ പങ്കെടുത്തു.

3. തനിക്ക് സമയബന്ധിതമായി മറുപടി നൽകിയില്ലെന്നും, എതിർകക്ഷി കമ്മീഷന് നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് തനിക്ക് ലഭിച്ചില്ലെന്നും, ടി പകർപ്പ് താൻ കമ്മീഷൻ ഓഫീസിൽ എത്തി വാങ്ങുകയാണ് ചെയ്തതെന്നും പരാതി ഹർജിക്കാരൻ ഹിയറിംഗിൽ പറഞ്ഞു. അപേക്ഷയ്ക്ക് മറുപടി വൈകിയത് കോവിഡ്മൂലമുള്ള ലോക്ക്ഡൗൺ കാരണമായിരുന്നുവെന്ന് എതിർകക്ഷി ഹിയറിംഗിൽ പറഞ്ഞു.

4. ഇരുകക്ഷികളുടെയും മൊഴികളും അനുബന്ധ രേഖകളും കമ്മീഷൻ പരിശോധിച്ചു. 10.04.2021 ലെ അപേക്ഷയ്ക്ക് മറുപടി നൽകാൻ ബാധ്യതയുണ്ടായിരുന്ന മേയ് ആദ്യവാരം ലോക്ക്ഡൗൺ മൂലം ഓഫീസ് പ്രവർത്തനം തടസ്സപ്പെട്ടിരുന്നു എന്ന എതിർകക്ഷികളുടെ വാദം കമ്മീഷൻ ശരിവയ്ക്കുന്നു. എന്നാൽ പരാതിയിൽ സ്വീകരിച്ച നടപടി സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന് 28.07.2021 ൽ കമ്മീഷൻ ആവശ്യപ്പെട്ടിട്ട് എതിർകക്ഷി അത് സമയബന്ധിതമായി ചെയ്തില്ല. പിന്നീട് 01.11.2021 ൽ കമ്മീഷൻ ഓർമ്മക്കുറിപ്പ് അയച്ചതിനുശേഷമാണ് 25.11.2021 ൽ എതിർകക്ഷി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്. ഇതിലാകട്ടെ 28.07.2021 ൽ കമ്മീഷൻ അയച്ച കത്തിനെപ്പറ്റി സൂചിപ്പിച്ചിട്ടുമില്ല എന്നു മാത്രമല്ല വിവരാവകാശ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ആവശ്യപ്പെട്ടതിന് അക്കാര്യങ്ങൾ ഒന്നും പറയാതെ പരാതി ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് ആധാരമായ പരാതിയെക്കുറിച്ചാണ് റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നത്.

5. എന്നു പറഞ്ഞാൽ എതിർകക്ഷി വിവരാവകാശ അപേക്ഷ കൈകാര്യം ചെയ്യുന്നതിൽ ഗുരുതരമായ അലംഭാവം കാണിച്ചിരിക്കുന്നു എന്നാണ് മനസിലാക്കുന്നത്. ഇത് നടപടി ആവശ്യപ്പെടുന്ന കാര്യമാണ്. ആയതുകൊണ്ട് വിവരാവകാശ അപേക്ഷയ്ക്ക് കൃത്യവും സമയബന്ധിതവുമായി മറുപടി നൽകാതിരുന്നതിനും കമ്മീഷന്റെ നിർദ്ദേശത്തിന് അശ്രദ്ധയോടെ മറുപടി നൽകിയതിനും നടപടിയെടുക്കാതിരിക്കാൻ കാരണങ്ങളുണ്ടെങ്കിൽ ആയത് 2022 ജനുവരി 15 നകം കമ്മീഷന് സമർപ്പിക്കേണ്ടതാണ്.

6. മേൽപറഞ്ഞ പ്രകാരം പരാതി ഹർജിയിന്മേൽ ഇന്നേദിവസം 29.12.2021 ന് താൽക്കാലിക ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഒപ്പ്)**
**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

re